ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:13.09.2025**

## പ്രധാനവാർത്തകൾ

1) കേന്ദ്ര സർക്കാർ മണിപ്പൂർ ജനതയ്ക്കൊപ്പമാണെന്നും വികസനത്തിന് സമാധാനത്തിൻറെ പാത അവലംബിക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.

2) 2025-ലെ വന്യജീവി സംരക്ഷണ ഭേദഗതി ബില്ലിന്റെ കരടിന് സംസ്ഥാന മന്ത്രിസഭായോഗത്തിൻറെ അംഗീകാരം.

3) സംസ്ഥാനത്ത് ഡ്രൈവിംഗ് ലേണേഴ്സ് ടെസ്റ്റിലെ ചോദ്യോത്തരങ്ങളുടെ എണ്ണത്തിൽ മാറ്റം വരുത്തി മോട്ടോർ വാഹന വകുപ്പ്. ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ വരും.

4) കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ സമയക്രമം ഉടൻ പ്രഖ്യാപിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

5) മൃഗാശുപത്രികളുടെ പ്രവർത്തന സമയത്തിന് ശേഷമുള്ള അടിയന്തര ചികിത്സകൾക്ക് ടോൾ ഫ്രീ നമ്പർ സജ്ജമായതായി മന്ത്രി ജെ. ചിഞ്ചുറാണി.

6) ചൈനയിൽ നടക്കുന്ന ഏഷ്യാ കപ്പ് വനിതാ ഹോക്കി അവസാന സൂപ്പർ 4 ൽ ഇന്ത്യ - ജപ്പാൻ മത്സരം സമനിലയിൽ.

*********************************

RNU TVPM

## പ്രധാനമന്ത്രി - മണിപ്പൂർ

രാജ്യത്തിന്റെ വളർച്ചാകേന്ദ്രമായി വടക്കുകിഴക്കൻ മേഖല മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മിസോറാമിലെ ഐസ്വാളിൽ ഒമ്പതിനായിരം കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾ വെർച്വലായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പുത്തൻ തലമുറ ജിഎസ്ടി പരിഷ്കരണത്തിലൂടെ നിത്യോപയോഗ വസ്തുക്കളുടെ നികുതി നിരക്ക് കുറച്ചത് സാധാരണക്കാരുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുമെന്ന് ശ്രീ നരേന്ദ്ര മോദി വ്യക്തമാക്കി. അതെസമയം, മണിപ്പൂരിലെ 8,500 കോടിയി ലധികം രൂപയുടെ വിവിധ വികസന പദ്ധതികളും പ്രധാനമന്ത്രി നാടിന് സമർപ്പിച്ചു. കേന്ദ്ര സർക്കാർ മണിപൂർ ജനതയ്ക്കൊപ്പമാണെന്നും വികസനത്തിന് സമാധാനത്തിൻറെ പാത അവലംബിക്കണമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

*******************************

## മന്ത്രിസഭായോഗം

2025-ലെ വന്യജീവി സംരക്ഷണ ഭേദഗതി ബില്ലിന്റെ കരടിന് സംസ്ഥാന മന്ത്രിസഭായോഗത്തിൻറെ അംഗീകാരം.ജനവാസമേഖലയിലിറങ്ങുന്ന അക്രമകാരികളായ വന്യമൃഗത്തെ ഉടൻ തന്നെ കൊല്ലാൻ ഉത്തരവിടാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരം നൽകുന്നതാണ് ബിൽ. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം കേന്ദ്ര നിയമത്തിൽ ഇത്തരമൊരു ഭേദഗതി കൊണ്ടുവരുന്നത്. ഏക കിടപ്പാടം സംരക്ഷണ ബിൽ, മുനിസിപ്പാലിറ്റി ആക്ട് ഭേദഗതി ബിൽ, പഞ്ചായത്ത് രാജ് ആക്ട് ഭേദഗതി ബിൽ തുടങ്ങിയവയുടെ കരടിനും മന്ത്രിസഭായോഗം അംഗീകാരം നൽകി.

*******************************

## ചന്ദന മരം വനം - വനം വകുപ്പ്

സ്വകാര്യ ഭൂമിയിലെ ചന്ദന മരം വനം വകുപ്പ് മുഖേന മുറിച്ച് വിൽപന നടത്തുന്ന ബില്ലിന് അംഗീകാരം ലഭിച്ചത് സംസ്ഥാനത്ത് ചന്ദനകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമാകുമെന്ന് മന്ത്രി എ.കെ.ശശീന്ദ്രൻ. റവന്യൂ വകുപ്പ് പതിച്ചു നൽകിയ ഭൂമിയിലെ ചന്ദന മരങ്ങൾ മുറിക്കാൻ ബില്ലിൽ അനുവാദം നൽകുന്നില്ല. വന മേഖലയുമായി ബന്ധപ്പെട്ട ചില കുറ്റകൃത്യങ്ങൾ കോടതിയുടെ അനുമതിയോടെ ഒത്തുതീർപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥയുണ്ടെന്നും വനം മന്ത്രി പറഞ്ഞു.

********************************

## പിഎംമാതൃ വന്ദന യോജന

പ്രധാനമന്ത്രി മാതൃ വന്ദന യോജന പദ്ധതിയുടെ സംസ്ഥാന വിഹിതവും ചേർത്ത് ആകെ 87.45 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. വനിത ശിശുവികസന വകുപ്പിന് കീഴിൽ നടപ്പാക്കുന്ന പദ്ധതിയിലേക്ക് 34.98 കോടി രൂപയാണ് സംസ്ഥാനം നീക്കിവച്ചത്. ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും ധനസഹായം നൽകുന്ന പദ്ധതിയാണ് പിഎംമാതൃ വന്ദന യോജന.

RNUTVPM

********************************

## ഡ്രൈവിംഗ് ലേണേഴ്സ് ടെസ്റ്റ് (ഇൻട്രോ)

സംസ്ഥാനത്ത് ഡ്രൈവിംഗ് ലേണേഴ്സ് ടെസ്റ്റിലെ ചോദ്യോത്തരങ്ങളുടെ എണ്ണത്തിൽ മാറ്റം വരുത്തി മോട്ടാർ വാഹന വകുപ്പ്. ഒക്ടോബർ 1 മുതൽ പുതിയ മാറ്റം നിലവിൽ വരും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്......**

(വോയ്സ്)

******************************

<u>തീവ്ര വോട്ടർ പട്ടിക-കേരളം</u>

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ സമയക്രമം ഉടൻ പ്രഖ്യാപിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. തിരഞ്ഞെടുപ്പ് കമ്മീഷൻ്റെ നിർദ്ദേശപ്രകാരം കേരളത്തിൽ ഇതിനോടകം തന്നെ ചില തയ്യാറെടുപ്പുകൾ നടത്തിക്കഴിഞ്ഞതായും അദ്ദേഹം അറിയിച്ചു. വോട്ടർ പട്ടിക പരിഷ്കരണം ഏറ്റെടുക്കുന്നതിനാവശ്യമായ തയ്യാറാടെപ്പുകളുടെ ഭാഗമായി ഈ മാസം 20 - ന് രാഷ്ട്രീയ പാർട്ടികളുമായി കൂടിക്കാഴ്ച നടത്തുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

******************************

<u>വെറ്റിനറി ടോൾ ഫ്രീ നമ്പർ</u>

മൃഗാശുപത്രികളുടെ പ്രവർത്തന സമയത്തിന് ശേഷമുള്ള അടിയന്തര ചികിത്സാ ആവശ്യങ്ങൾക്കായി സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും 1962 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തനം ആരംഭിച്ചതായി മന്ത്രി ജെ. ചിഞ്ചുറാണി. ഇടുക്കിയിലെ പെരുവന്താനം മൃഗാശുപത്രിക്കായി പണി കഴിപ്പിച്ച പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഇതിന് പുറമെ മൃഗചികിത്സാ വിവരങ്ങളും വാക്സിനേഷൻ സർട്ടിഫിക്കറ്റുകളും മൊബൈൽ ആപ്ലിക്കേഷൻ വഴി ലഭ്യമാക്കുന്ന "ഇ-സമൃദ്ധ" ഡിജിറ്റൽ പ്ലാറ്റ് ഫോം തയ്യാറായിട്ടുണ്ടെന്നും ശ്രീമതി ചിഞ്ചുറാണി അറിയിച്ചു.

******************************

RNU TVPM

## നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് തിങ്കളാഴ്ച തുടക്കമാകും. അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, വാഴൂർ സോമൻ MLA എന്നിവർക്ക് അനുശോചനം അർപ്പിച്ച് ആദ്യ ദിനം സഭ പിരിയും. അടുത്ത മാസം 10 വരെ നീളുന്ന സമ്മേളന കാലയളവിൽ 12 ദിവസമാണ് സഭ ചേരുക.

*******************************************

## അർബൺ കോൺക്ലേവ്

കേരളത്തിൻറെ ആദ്യ സമഗ്ര നഗരനയം രൂപീകരിക്കുന്നതിനുള്ള അർബൻ കോൺക്ലേവിന് കൊച്ചിയിൽ സമാപനം. മന്ത്രി എം ബി രാജേഷ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. കോൺക്ലേവിന്റെ ഭാഗമായി സംഘടിപ്പിച്ച ഹൈലെവൽ പൊളിറ്റിക്കൽ ഫോറത്തിലെ മേയർമാരുടെ സമ്മേളനം നഗരവികസനത്തിലെ വൈജ്ഞാനിക കൈമാറ്റത്തിന്റെ വേദിയായി. വിവിധ വിദേശ രാജ്യങ്ങളിൽ നിന്നുള്ള മേയർമാർ നഗരവികസന പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു.

RNUTVPM

*******************************************

## അമീബിക് മസ്തിഷ്ക ജ്വരം

കോഴിക്കോട് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാളെ കൂടി ആശുപത്രിയിൽ പ്രവേശിപ്പിച്ച പശ്ചാത്തലത്തിൽ ആരോഗ്യവകുപ്പ് ജാഗ്രത കർശനമാക്കി. മലപ്പുറം അരീക്കോട് സ്വദേശി പത്ത്

വയസുള്ള കുട്ടിക്കാണ് പുതുതായി രോഗബാധ റിപ്പോർട്ട് ചെയ്തത്. ആകെ 11 പേരാണ് നിലവിൽ ചികിത്സയിലുള്ളത്.

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

******************************

## നല്ലവാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. ഇന്നത്തെ നല്ല വാർത്ത പ്രാദേശിക വാർത്തകൾക്ക് ശേഷം കേൾക്കാവുന്നതാണ്.

RNUTVPM

******************************

## ആർദ്രം കേരളം - കാസർഗോഡ്(ഇൻട്രോ)

ആരോഗ്യ മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ആർദ്രം കേരളം പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കാസർഗോഡ് ജില്ലയിൽ കയ്യൂർ - ചീമേനി ഗ്രാമ പഞ്ചായത്ത് ഒന്നാം സ്ഥാനം നേടി.

ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ തയ്യാറാക്കിയ റിപ്പോർട്ട്......

(വോയ്സ്)

******************************

## ജി.എസ്.ടി - കേന്ദ്ര സർക്കാർ

ആരോഗ്യ ഇൻഷുറൻസ് പ്രീമിയം ജിഎസ്.ടി യിൽ നിന്ന് ഒഴിവാക്കിയത് ആരോഗ്യ മേഖലയെ കൂടുതൽ ജനകീയമാക്കുമെന്ന് കേന്ദ്ര സർക്കാർ. ആരോഗ്യ ചിലവുകളെ ദൈനദിന ചെലവുകളിൽ നിന്ന് ഒഴിവാക്കാൻ ഇത് സഹായകമാകും. സാധാരണക്കാരുടെ ജീവിതത്തിലെ ചെലവ് ചുരുക്കുന്നതിന് സഹായിക്കുന്ന തരത്തിൽ നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെയുള്ളവയുടെ നിരക്കുകളിൽ കുറവ് വരുത്തിയതായും സർക്കാർ അറിയിച്ചു. പുതിയ നിരക്കുകൾ ഈ മാസം 22 ന് നിലവിൽ വരും.

*******************************

## വനിതാ ഹോക്കി ഏഷ്യാ കപ്പ്

ചൈനയിൽ നടക്കുന്ന ഏഷ്യാ കപ്പ് വനിതാ ഹോക്കി അവസാന സൂപ്പർ 4 ൽ ഇന്ത്യ - ജപ്പാൻ മത്സരം 1-1 നു സമനിലയിൽ. ചൈനയും ദക്ഷിണ കൊറിയയും തമ്മിലുള്ള സൂപ്പർ 4 മത്സരത്തിൽ ദക്ഷിണ കൊറിയ മികച്ച വിജയം നേടിയാൽ, ഇന്ത്യ മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളപ്പെടും. അല്ലാത്തപക്ഷം നാളെ നടക്കുന്ന ഫൈനലിൽ ഇന്ത്യ ചൈനയുമായി ഏറ്റുമുട്ടും.

RNUTVPM

*******************************

## ഏഷ്യ കപ്പ് ട്വന്റി-20

ഏഷ്യ കപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശ് ശ്രീലങ്കയെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 മണിക്ക് അബുദാബിയിൽ ഷെയ്ഖ് സായിദ് ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. നാളെയാണ് ഇന്ത്യ - പാകിസ്ഥാൻ മത്സരം.

*******************************

## ആറന്മുള വള്ളസദ്യ (ഇൻട്രോ)

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ അഷ്ടമിരോഹിണി വള്ളസദ്യ നാളെ നടക്കും. ചേനപ്പാടി പാളത്തൈരുമായി കോട്ടയം ജില്ലയിലെ ചേനപ്പടി കരക്കാരും ആറന്മുളയിലെത്തി.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ........**

(വോയ്സ്)

**************************************

## കാണാതായി-ലക്ഷദ്വീപ്

RNU TVPM

ലക്ഷദ്വീപിലെ ആന്ത്രോത്ത് ദ്വീപിൽ നിന്നും മത്സ്യബന്ധനത്തിനായി പുറപ്പെട്ട നാലു പേരെ കാണാതായി. ഷംസുദ്ദീൻ, സി പി അനീസ് റഹ്മാൻ, അലി ഖാൻ, സി കെ റഹ്മത്തുള്ള എന്നിവരെയാണ് കാണാതായത്. നാല് ദിവസമായി ഇവർ തിരിച്ച് എത്തിയിട്ടില്ല. ഇവരുമായുള്ള ഫോൺ ബന്ധവും നഷ്ടപ്പെട്ടു. ലക്ഷദ്വീപ് പോലിസ്, നാവിക സേന, കോസ്റ്റ് ഗാർഡ്, ഫിഷറീസ് വകുപ്പ് എന്നിവ സംയുക്തമായി തിരച്ചിൽ തുടരുകയാണ്.

**************************************

## സൈനികൻ - സംസ്കാരം

ഡെറാഡൂണിലെ ഇന്ത്യൻ സൈനിക അക്കാദമിയിലെ പരിശീലനത്തിനിടെ ജീവൻ നഷ്ടമായ തിരുവനന്തപുരം പാപ്പനംകോട് സ്വദേശി ഓഫീസർ കേഡറ്റ് എസ് ബാലുവിൻറെ സംസ്കാരം തൈക്കാട് ശാന്തി കവാടത്തിൽ പൂർണ സൈനിക ബഹുമതികളോടെ നടന്നു. രാവിലെ വസതിയിൽ പൊതു

ദർശനത്തിന് വച്ച ഭൗതിക ദേഹത്തിൽ മന്ത്രി വി ശിവൻകുട്ടി ഉൾപ്പെടെ നിരവധി പേർ അന്ത്യാഞ്ജലി അർപ്പിച്ചു.

******************************

## ആദായ നികുതി

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള സമയപരിധി മറ്റെന്നാൾ അവസാനിക്കും. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും.

*******************************************************************

RNU TVPM